# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2900** — **19.06.2014 ൽ മറുപടിക്ക്**

### സിവിൽ സപ്ലൈസ് ഗോഡൗണുകളിലെ ക്രമക്കേടുകൾ തടയുന്നതിന് നടപടി

| ചോദ്യം<br>ശ്രീ. ഇ.കെ.വിജയൻ | ഉത്തരം<br>ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
|---|---|
| (എ) സിവിൽ സപ്ലൈസ് ഗോഡൗണുകളിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടും അന്വേഷണം നടത്തുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല. സിവിൽ സപ്ലൈസ് ഗോഡൗണുകളിൽ സ്റ്റേറ്റ് വിജിലൻസ് ഡിപ്പാർട്ട്മെന്റും സപ്ലൈകോ വിജിലൻസ് വിഭാഗവും നിശ്ചിത ഇടവേളകളിൽ പരിശോധന നടത്താറുണ്ട്. ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ പോലീസ് കേസ് ഉൾപ്പെടെ കർശന ശിക്ഷാ നടപടികൾ സ്വീകരിക്കാറുമുണ്ട്. |
| (ബി) ഉണ്ടെങ്കിൽ ഈ വിഷയത്തിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തുവെന്ന് വിശദമാക്കുമോ; | (ബി) സിവിൽ സപ്ലൈസ് ഗോഡൗണുകളിൽ കണ്ടെത്തിയ ക്രമക്കേടുകൾക്ക് 3 പോലീസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പോലീസ് കേസുകൾ എടുത്ത വിഷയങ്ങൾ ഉൾപ്പെടെ 26 ഫയലുകളിൽ കുറ്റാരോപിതരായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ എടുത്തു വരുന്നുണ്ട്. |
| (സി) രജിസ്റ്റർ ചെയ്യപ്പെട്ടവയിൽ എത്ര എണ്ണത്തിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്; | (സി) 20 വകുപ്പുതല അച്ചടക്ക നടപടി ഫയലുകളിൽ കുറ്റാരോപിതരായ ഉദ്യോഗസ്ഥർക്ക് കുറ്റപത്രം നൽകിയിട്ടുണ്ട്. 6 ഫയലുകളിൽ നടപടി എടുത്തു വരുന്നു. |
| (ഡി) സിവിൽ സപ്ലൈസ് ഗോഡൗണുകളിലെ ക്രമക്കേടുകൾ തടയാൻ എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ? | (ഡി) ക്രമക്കേടുകൾക്ക് ഇടം നൽകാതെ സുതാര്യമായി സിവിൽ സപ്ലൈസ് ഗോഡൗണുകൾ പ്രവർത്തിക്കുന്നതിനായി എസ്.പി.തലത്തിലുള്ള ഉദ്യോഗസ്ഥർ ഉൾപ്പെടെ വിജിലൻസ് വിഭാഗം പരിശോധനകൾ നടത്തി വരുന്നു. ഡിപ്പോ തലത്തിലുള്ള ജൂനിയർ മാനേജർ (എം.&ഐ) ഓരോ മാസവും 12 ഔട്ട്ലെറ്റുകൾ വീതം പരിശോധന നടത്തി വരുന്നു. ഹെഡ്ഓഫീസ് തലത്തിലുള്ള ഇന്റേണൽ ഓഡിറ്റ് വിഭാഗത്തിന്റെ പരിശോധനകൾ കൂടാതെ റീജിയണൽ |

മാനേജർ, അസിസ്റ്റന്റ് റീജിയണൽ മാനേജർ എന്നീ ഉദ്യോഗസ്ഥരും ഔട്ട്ലെറ്റുകളുടെ പ്രവർത്തനവും ഗോഡൗണുകളുടെ പ്രവർത്തനവും നിരീക്ഷിച്ചു നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ സപ്ലൈകോ ഗോഡൗണുകളിലും ഔട്ട്ലെറ്റുകളിലും ക്രമക്കേടുകൾ നിരീക്ഷിക്കുന്നതിനും പ്രവർത്തനം സുതാര്യമാക്കുന്നതിനും എല്ലാവിധ നടപടികളും സ്വീകരിച്ചിട്ടുണ്ട് .

Beena

**സെക്ഷൻ ഓഫീസർ**